# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1856 — 11.02.2020 ൽ മറുപടിക്ക്

## പൗരത്വ ഭേദഗതി ബിൽ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെൻസസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എന്നാണ് നടപടികൾ ആരംഭിച്ചത് എന്നും അറിയിക്കാമോ; | (എ) | ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടത്തുന്നതിനായി രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിലെ പോലെ താഴെപറയുന്ന നടപടികൾ ഇതിനകം സംസ്ഥാന സർക്കാർ സ്വീകരിച്ചു കഴിഞ്ഞു.<br>i) 21.08.2019 ലെ എസ്.എസ്.1/19/2019/പൊ.ഭ.വ നമ്പർ നോട്ടിഫിക്കേഷൻ 24.08.2019 ലെ 1951 നമ്പർ കേരള ഗസറ്റിൽ പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (Census) -2021 പ്രക്രിയ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം കേരളാ ഗസറ്റിൽ പുനഃപ്രസിദ്ധീകരിച്ചു.<br>ii) സംസ്ഥാന തലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാനതല സെൻസസ് ഏകോപന സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടുതവണ യോഗം കൂടി ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.<br>iii) 2021 ലെ ജനസംഖ്യാ കണക്കെടുപ്പിനു മുന്നോടിയായുള്ള പ്രീ-ടെസ്റ്റ് 2019 ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലായി മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) നടത്തുകയുണ്ടായി.<br>iv) വിവിധ തട്ടുകളിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാരെ സെൻസസ് പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും വേണ്ടി നിയമിച്ച് ഉത്തരവായി. |

| | | | |
|---|---|---|---|
| | | | v) സെൻസസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സെൻസസ് പ്രക്രിയ പൂർത്തിയാകുന്നതുവരെ അതായത് 2021 മാർച്ച് 31 വരെ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ സ്ഥലംമാറ്റാൻ പാടില്ലെന്ന പൊതു നിർദ്ദേശം പുറപ്പെടുവിച്ചു.<br>vi) ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി വിജ്ഞാപനം ചെയ്തു.<br>vii) അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാരുമായി 2020 ഫെബ്രുവരി 5-ാം തീയതി ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തിരം ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻസസ് ചോദ്യാവലികൾ, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വിശദാംശം നൽകുകയും ചെയ്തു. |
| (ബി) | സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ചോദ്യാവലി തയ്യാറാക്കിയ ഏജൻസി ഏതാണെന്നും ചോദ്യാവലിയിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലോ ഒഴിവാക്കലോ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണർ ആണ് സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത്. സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലിയിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലോ ഒഴിവാക്കലോ നടത്തിയിട്ടില്ല. |
| (സി) | സെൻസസുമായി സഹകരിക്കുന്നതിന് പൊതുജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | നൽകിയിട്ടുണ്ട്. 22.01.2020 ൽ ചേർന്ന സംസ്ഥാനതല സെൻസസ് കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി പത്രക്കുറിപ്പ് മുഖാന്തിരം 10 വർഷത്തിലൊരിക്കൽ രാജ്യത്ത് നടന്നു വരുന്ന ജനസംഖ്യ കണക്കെടുപ്പിൽ ശേഖരിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും സാമ്പത്തിക- സാമൂഹിക- വ്യക്തിഗത വിവരങ്ങൾ നമ്മുടെ നാടിന്റെ അടുത്ത 10 വർഷത്തേക്കുള്ള വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിൽ നിർണായകമായതിനാൽ രണ്ടു ഘട്ടങ്ങളായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പുമായി എല്ലാ ജനങ്ങളും സഹകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | സെൻസസ് നടപടികളുടെ ഭാഗമായി | (ഡി) | 22.01.2020 ലെ എസ്.എസ്.1/57/2019/പൊ.ഭ.വ |

| | | | |
|---|---|---|---|
| | ശേഖരിക്കുന്ന വിവരങ്ങൾ എൻ.പി.ആർ. ന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ലെന്ന് സർക്കാർ ഏതെല്ലാം രീതിയിലാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | നമ്പർ കത്ത് പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്) 2021ന്റെ ആദ്യഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല എന്നും സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ്(സെൻസസ്-2021)മായി സർക്കാർ പൂർണമായി സഹകരിക്കുമെന്നും സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതിന് ഉതകുന്ന ഏതെങ്കിലും ചോദ്യങ്ങൾ സെൻസസ് ചോദ്യാവലിയിൽ ഇല്ലാ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ